രണം ചെയ്തു. കുടുംബ ആരോഗ്യ പദ്ധതിയിൽ 20000-ലധികം കേരളീയ കുടുംബങ്ങൾ അംഗത്വം സ്വീകരിച്ചു. പ്രവാസി കേരളീയർക്കായി ക്ഷേമ പുന രധിവാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും അവരുടെ സാങ്കേ തിക വൈദഗ്ദ്ധ്യം, നിക്ഷേപം എന്നിവ പ്രയോജനപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിനുമായി നോർക്കയുടെ ഫീൽഡ് ഏജൻസി യായ നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി 1998 ജൂൺ 2-ന് നിലവിൽവന്നു. നോർക്ക വകുപ്പിൽ വിദേശ കേരളീയരിൽനിന്ന് ലഭി ക്കുന്ന നിവേദനങ്ങളിലും പരാതികളിൻമേലും ബന്ധപ്പെട്ട ഇന്ത്യൻ എംബസി കൾ, കോൺസുലേറ്റുകൾ വിദേശകാര്യ വകുപ്പ്, എമിഗ്രേഷൻ ഓഫീസുകൾ, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ എന്നിവ വഴി പരിഹാരം കണ്ടുവരുന്നു. വിദേശത്തുനിന്നും കാണാതാകുന്നവരെ കണ്ടുപിടിക്കുക, അവിടെ മരണമടയുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കാൻ സഹായി ക്കുക, റിക്രൂട്ട്മെന്റ് തട്ടിപ്പിനിരയായി തൊഴിൽരഹിതരായും നിർദ്ദിഷ്ട വേത നമോ താമസ സൗകര്യമോ ഇല്ലാതെയും അലയുന്നവരെ നാട്ടിലെത്തിക്കാനും സുരക്ഷ ഉറപ്പാക്കാനും സഹായിക്കുക തുടങ്ങിയവയും വകുപ്പിന്റെ പ്രവർത്ത നങ്ങളിൽപ്പെടുന്നു. പൊതുമാപ്പിൽ സൗദി അറേബ്യയിൽനിന്ന് മുംബയിൽ തിരിച്ചെത്തിയ കേരളീയരെ നാട്ടിലെത്തിക്കുന്നതിനും കുവൈറ്റ് എംബസി യിൽ അഭയം തേടിയ നഴ്സുമാരെ സഹായിക്കുന്നതിനും ഈ വകുപ്പിന് കഴി ഞ്ഞു. വിദേശ കേരളീയർക്ക് പി.എസ്.സി.വഴി ഉദ്യോഗം ലഭിച്ചാൽ ജോലി യിൽ പ്രവേശിക്കുന്നതിന് ആറ് മാസംവരെ സമയം അനുവദിച്ചു. വിദേശ കേരളീയരുടെ വിവരങ്ങൾ 2000-ാമാണ്ടിൽ പുറപ്പെടുവിക്കുന്ന റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനമായി.

(ഡി)-(എഫ്) രാജ്യാന്തര ബന്ധങ്ങൾ സംബന്ധിച്ച കാര്യമാകയാൽ സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ പ്രത്യേകമായി പഠനം നടത്താൻ കഴിയുകയില്ല. എന്നാൽ ഇത് സംബന്ധിച്ച് ഗവൺമെന്റിന് ലഭിക്കുന്ന നിവേദ നങ്ങളും പരാതികളും ബന്ധപ്പെട്ട എംബസികളുടേയും കേന്ദ്ര ഗവൺമെന്റി ന്റേയും ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഡോക്ടർമാരുടെ സമരം

14 (*160) <u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> :

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> :

<u>ശ്രീ. സി. മൊയീൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ സമരംമൂലം സംസ്ഥാനത്ത് സർക്കാർ ആശു പത്രികളിലെ പേ വാർഡുകൾ അടച്ചിട്ടിരിക്കുകയാണോ എന്ന് അറിയി ക്കുമോ;

(ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപ ടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. എ.സി. ഷൺമുഖ ദാസ്</u>) :

(എ) ചില ആശുപത്രികളിലെ പേ വാർഡുകളിൽ രോഗികളെ അഡ്മിറ്റ് ചെയ്യുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) സ്വീകരിച്ചിട്ടുണ്ട്. പേ വാർഡിൽ രോഗികളെ അഡ്മിറ്റ് ചെയ്യണമെന്നുള്ള നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും നൽകിയിട്ടുണ്ട്.

എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ആശുപത്രികൾ

15 (*161)ശ്രീ. യു.എസ്. ശശി :

ശ്രീ. ജോസ് ബേബി :

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ എത്ര പഞ്ചായത്തുകളിൽ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) എല്ലാ പഞ്ചായത്തുകളിലും സമയബന്ധിതമായി ഇവ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) എട്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു അലോപ്പതി സ്ഥാപനമെങ്കിലും ഉണ്ടായിരിക്കണമെന്നതായിരുന്നു ഗവൺമെന്റിന്റെ നയം.

(ബി) സംസ്ഥാനത്തെ രണ്ട് പഞ്ചായത്തുകൾ ഒഴികെ എല്ലാ പഞ്ചായത്തുകളിലും അലോപ്പതി സ്ഥാപനങ്ങൾ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് 667 പഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികളോ ആശുപത്രികളോ ഉണ്ട്. 474 പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികളും നിലവിലുണ്ട്.

(സി) പ്ലാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഹോമിയോ സ്ഥാപനങ്ങൾ സ്ഥാപിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

വിദേശ മലയാളികൾക്കുള്ള ക്ഷേമപദ്ധതി

16 (*162)ശ്രീമതി എൻ.കെ. രാധ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. എ. കണാരൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly